"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റി (ജി.സി.ഡി.എ.) - എക്സിക്യൂട്ടീവ് കമ്മിറ്റി / ജനറൽ കൗൺസിൽ യോഗങ്ങളിൽ പങ്കെടുക്കുന്നതിന് നോൺ ഒഫീഷ്യൽ അംഗങ്ങളുടെ TA/DA ഇനത്തിൽ അനുവദിക്കുന്ന തുക വർദ്ധിപ്പിച്ച ജി.സി.ഡി.എ. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ നടപടി സാധൂകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഐ.എ)വകുപ്പ്**

സ.ഉ.(സാധാ) നം.1965/2026/LSGD തീയതി,തിരുവനന്തപുരം, 19-10-2026

---

പരാമർശം:- 1. 15/11/2021-ലെ സ.ഉ.(സാധാ)നം.2275/2021/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

2. ജി.സി.ഡി.എ. സെക്രട്ടറിയുടെ 24/12/2025-ലെ 1265/ജി1/2022/ജിസിഡിഎ നമ്പർ കത്ത്.

**ഉത്തരവ്**

ജില്ലാ ആസൂത്രണ സമിതിയിലെ സർക്കാർ നോമിനി അടക്കമുള്ള അംഗങ്ങൾക്ക് ജില്ലാ ആസൂത്രണ സമിതി യോഗങ്ങളിലും ജില്ലാ ആസൂത്രണ സമിതി സബ്കമ്മിറ്റി യോഗങ്ങളിലും പങ്കെടുക്കുമ്പോൾ ഒരു യോഗത്തിന് സിറ്റിംഗ് ഫീ - 600/-, യാത്രാബത്ത 400/- രൂപ എന്ന നിരക്കിൽ ആകെ 1,000/- രൂപ നൽകുന്നതിനും, ഓൺലൈൻ മീറ്റിംഗുകളിൽ പങ്കെടുക്കുമ്പോൾ 600/-രൂപയും നൽകുന്നതിനും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു ആയതിന്റെ അടിസ്ഥാനത്തിൽ വിശാലകൊച്ചി വികസന അതോറിറ്റി (ജി.സി.ഡി.എ.)-യുടെ എക്സിക്യൂട്ടീവ് കമ്മിറ്റി / ജനറൽ കൗൺസിൽ യോഗങ്ങളിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥരൊഴികെയുള്ള (നോൺ ഒഫീഷ്യൽ) അംഗങ്ങൾക്ക് TA/DA ഇനത്തിൽ നൽകി വരുന്ന തുക ഒരു ദിവസത്തേയ്ക്ക് 1000/- രൂപ എന്ന നിരക്കിലും, ഓൺലൈൻ മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിന് 600/- രൂപ എന്ന നിരക്കിലും വർധിപ്പിച്ചു നൽകുവാൻ ജി.സി.ഡി.എ. എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ടെന്ന് പരാമർശം (2) പ്രകാരം ജി.സി.ഡി.എ. സെക്രട്ടറി അറിയിക്കുകയും, ആയതിന് സാധൂകരണം ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിശാലകൊച്ചി വികസന അതോറിറ്റി (ജി.സി.ഡി.എ.)-യുടെ എക്സിക്യുട്ടീവ് കമ്മിറ്റി / ജനറൽ കൗൺസിൽ യോഗങ്ങളിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥരൊഴികെയുള്ള (നോൺ ഒഫീഷ്യൽ) അംഗങ്ങൾക്ക് TA/DA ഇനത്തിൽ നൽകി വരുന്ന തുക ഒരു ദിവസത്തേയ്ക്ക് 1000/- (ആയിരം) രൂപ എന്ന നിരക്കിലും, ഓൺലൈൻ മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിന് 600/- (അറുനൂറ്) രൂപ എന്ന നിരക്കിലും വർധിപ്പിച്ച ജി.സി.ഡി.എ. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത തുക 30600-Travelling allowance & sitting fee of board members എന്ന ബജറ്റ് ശീർഷകത്തിൽ നിന്ന് വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി ധർമലശ്രീ ഐ എ എസ്
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, വിശാലകൊച്ചി വികസന അതോറിറ്റി
ധനകാര്യ (WCD) വകുപ്പ് (3419965/WCD-3/41/2026-FIN പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളമിഷൻ
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (ഐ.എ.3/158/2025-തസ്വഭവ)

ഉത്തരവിൻ പ്രകാരം
Digitally signed by
Satheesh Kumar S
Date: 22-10-2026
11:50:17
സെക്ഷൻ ഓഫീസർ